LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2002-ൽ മേജർ സെക്ഷനുകൾ നിർത്തലാക്കി സബ് ഡിവിഷനുകൾ രൂപീകരിച്ചപ്പോൾ പറവൂർ മേജർ സെക്ഷൻ ഓഫീസ് പറവൂർ സെക്ഷൻ ഓഫീസാക്കുകയും അതിനെ ചാത്തന്നൂർ സബ് ഡിവിഷൻ പരിധിയിൽ ചേർക്കുകയും ചെയ്തു.

(ബി) പറവൂർ, ഒറ്റപ്പാലം, മട്ടന്നൂർ, ചാവക്കാട്, ഇരിങ്ങാലക്കുട, ഏലൂർ എന്നീ നഗരസഭകളിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസുകൾ ഇല്ല.

(സി) പറവൂർ, പൂതക്കുളം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ ഇപ്പോൾ ചാത്തന്നൂർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ പരിധിയിലാണ്. ഈ സബ് ഡിവിഷനിൽ മൊത്തം നാല് സെക്ഷനുകൾ മാത്രമേ നിലവിലുള്ളൂ. ആകയാൽ പറവൂരിൽ ഒരു പുതിയ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

ഊർജ്ജ പ്രതിസന്ധിയും സൗരോർജ്ജ പാനലും

19 (2257) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ പ്രതിസന്ധി രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) സൗരോർജ്ജ സംസ്കാരം വളർത്തുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ; പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ ;

(സി) സൗരോർജ്ജം കൂടുതലായി ഉപയോഗിക്കാവുന്ന മേഖലകൾ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ചെലവ് കുറഞ്ഞ സൗരോർജ്ജ പാനലുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് പദ്ധതി ഉണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വൈദ്യുതി ഉല്പാദനത്തിന് ആനുപാതികമായി സംസ്ഥാനത്ത് പുതിയ വൈദ്യുത നിലയങ്ങൾ സ്ഥാപിച്ച് സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. സംസ്ഥാനത്തെ നിലയങ്ങളിൽ നിന്നുള്ള ആഭ്യന്തര ഉത്പാദനവും കേന്ദ്ര നിലയങ്ങളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതത്തിനും പുറമേ ആവശ്യമായി വരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ച്, പവർ ട്രേഡേഴ്സ് എന്നിവരിൽ നിന്നും കൂടിയ വിലയ്ക്ക് വാങ്ങിയാണ് ഇപ്പോൾ സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുത ആവശ്യകത നിറവേറ്റുന്നത്. സംസ്ഥാനത്തിന്റെ സൗരോർജ്ജ സാധ്യതകൾ പരമാവധി പ്രയോജന പ്പെടുത്തുന്നതിനു വേണ്ടി 25-11-2013-ലെ സർക്കാർ ഉത്തരവ് (പി) 49/2013/ ഊ.വ. പ്രകാരം സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്.

നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവർട്ടറുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുക, ഉപയോഗ്യമല്ലാത്ത പ്രദേശങ്ങളിലും, കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉത്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിംഗിനുള്ള വഴികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. 2000-നും 3000-നും ഇടയിൽ ചതുരശ്ര തറ വിസ്തീർണ്ണമുള്ള എല്ലാ പുതിയ ഗാർഹിക കെട്ടിടങ്ങളിലും 500 വാട്ട് സോളാർ വൈദ്യുതി പ്ലാന്റും നിർബന്ധമാക്കണമെന്ന് സൗരോർജ്ജ നയം വിഭാവനം ചെയ്യുന്നുണ്ട്. സൗരോർജ്ജ വൈദ്യുതി ഉത്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് പതിനായിരം റൂഫ്ടോപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതുകൂടാതെ ശൃംഖലാ ബന്ധിത സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികളും അനെർട്ട് വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് സബ്സിഡിയും നൽകുന്നുണ്ട്. ഇതിനു പുറമേ കെ.എസ്.ഇ.ബി വഴി വിവിധ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിലെ ഇറസ്സായ, മറ്റാവശ്യങ്ങളില്ലാത്ത സ്ഥലലഭ്യതയുടെ പരിമിതികൂടി കണക്കിലെടുത്ത് തണലില്ലാത്ത വീടുകളുടെ മേൽക്കൂരകൾ സൗരോർജ്ജ ഉത്പാദനത്തിന് കൂടുതലായി ഉപയോഗപ്പെടുത്തുവാനാണ് ആലോചിക്കുന്നത്. ഇത് വൈദ്യുതി ഉത്പാദനത്തിനും വെള്ളം ചൂടാക്കുന്നതുൾപ്പെടെയുള്ള ഉയർന്ന താപം ആവശ്യമുള്ള കാര്യങ്ങൾക്കും ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന ചെറിയ സൗരവൈദ്യുത പ്ലാന്റുകളിൽ നിന്ന് ബാറ്ററിയിൽ സംഭരിച്ച് ഉപയോഗിക്കാവുന്ന രീതിയിലും ഗ്രിഡിലേക്ക് നൽകുന്ന രീതിയിലും അനെർട്ട് വഴി പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. സൗരോർജ്ജ വാട്ടർ ഹീറ്ററുകളുടെ പരിപാടിയും നടപ്പാക്കുന്നുണ്ട്. ഇവയ്ക്കൊക്കെ കേന്ദ്ര സർക്കാർ സഹായവും ലഭ്യമാകുന്നുണ്ട്.

(ഡി) ഇപ്പോൾ നിലവിലില്ല.

ഊർജ്ജ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

20 (2258) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) എനർജി മാനേജ്മെന്റ് സെന്റർ മുഖേന ഊർജ്ജ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഊർജ്ജ സംരക്ഷണത്തിനായി വൈദ്യുതി ബോർഡും ഇ.എം.സി.-യും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. കേരളത്തിലുടനീളമുള്ള തെരഞ്ഞെടുക്കപ്പെട്ട തിയേറ്ററുകളിലും ദൃശ്യ മാധ്യമങ്ങളിലും ആകാശവാണിയിലും എഫ്.എം. ചാനലുകളിലും പ്രമുഖ സിനിമാ താരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്തു. ഫെയ്സ് ബുക്ക് പോലുള്ള സോഷ്യൽ മീഡിയയിലൂടെ ഊർജ്ജ സംരക്ഷണത്തിന് വേണ്ടത്ര പ്രചാരണം നൽകുന്നു. മലയാള മനോരമയുമായി സഹകരിച്ച് കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ സന്ദേശം പ്രചരിപ്പിക്കാൻ "ഊർജ്ജ സംരക്ഷണ നുറുങ്ങുകൾ"

LIBRARY ARCHIVES Kerala Legislative Assembly